(സി) ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകൾക്ക് അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ആയതിനോടൊപ്പം ഗ്യാസ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോഫോട്ടോ മീറ്റർ എന്ന നൂതന ഉപകരണത്തിലൂടെയും പരിശോധനാഫലം ലഭ്യമാക്കുന്നുണ്ട്.

മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ

57 (722) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി ലഭിച്ച സ്ഥലത്ത് കാൻസർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഈ ഭൂമി തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിന് ലീസിന് നൽകിയ ഉത്തരവ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് കാൻസർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നൽകിയ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി ലഭിച്ച സ്ഥലത്ത് കാൻസർ സെന്റർ ആരംഭിക്കുന്നതിന്റെ നടപടികൾ കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിക്കുവാനും, MCC-യുമായുള്ള lease റദ്ദാക്കുവാനും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-10-2014-ലെ യോഗത്തിൽ തീരുമാനിച്ചു. Lease റദ്ദാക്കുന്നമുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ്, ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷൻ സെന്റർ ആയി പ്രവർത്തിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുവാനും തീരുമാനിച്ചിരുന്നു. Infrastructure, Post creation എന്നിവയടക്കമുള്ള വിശദമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly